പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1811 10.02.2020-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യിൽ രണ്ടാം ശനിയാഴ്ച പ്രവൃത്തി ദിവസം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.മമ്മൂട്ടി | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

<table>
<tr><td>(എ)</td><td>കെ.എസ്.ആർ.ടി.സി.യിലെ മിക്ക വിഭാഗം ജീവനക്കാർക്കും രണ്ടാം ശനിയാഴ്ച പ്രവൃത്തി ദിവസമാക്കിയ യെങ്കിലും മിനിസ്റ്റീരിയൽ വിഭാഗ ത്തിന് മാത്രം ഈ അവധി ഒഴിവാ ക്കാതെ നിലനിർത്തി വരുന്നതിന്റെ കാരണം എന്തെന്ന് അറിയിക്കുമോ;</td><td rowspan="3">(എ) യും (ബി) യും (സി) യും</td><td rowspan="3">Negotiable Instrument Act പ്രകാരം അവധി നൽകുന്ന സ്ഥാപനമാകയാലാണ് രണ്ടാം ശനി അവധി ബാധകമായ ഓഫീസുകളിൽ സേവനമനുഷ്ഠിക്കുന്ന മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് രണ്ടാം ശനി അവധി അനുവദിച്ച് വരുന്നത്. പ്രസ്തുത Act പ്രകാരം എല്ലാ ശനിയാഴ്ചകളിലും ഉച്ചയ്ക്ക് ശേഷം ടി വിഭാഗം ജീവനക്കാർക്ക് അവധി നൽകേണ്ടതാണ്. എന്നാൽ ഭരണപരമായ സൗകര്യാർത്ഥം ഇവയെ ഒന്നിപ്പിച്ച് ഒന്ന്, മൂന്ന് ശനിയാഴ്ചകൾ പ്രവൃത്തി ദിവസങ്ങളാക്കുന്നത് വഴി രണ്ട്, നാല് ശനിയാഴ്ചകൾ പൂർണ്ണമായും അവധി നേടുന്നതിന് ടി വിഭാഗം ജീവനക്കാർ അർഹത നേടുന്നു. എന്നാൽ കെ.എസ്.ആർ.റ്റി.സി.യിൽ ഇപ്രകാരം അവധിയ്ക്ക് അർഹരായ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് രണ്ടാം ശനിയാഴ്ചമാത്രമാണ് പൂർണ്ണമായും അവധി അനുവദിച്ച് വരുന്നത്. അർഹമായ അവധികൾ അർഹരായ വിഭാഗം ജീവനക്കാർക്ക് അനുവദിക്കുന്നതിന് കോർപ്പറേഷൻ ബാധ്യസ്ഥമാണ്. രണ്ടാം ശനിയാഴ്ച മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് അവധിയായി അനുവദിക്കുന്നത് വഴി കോർപ്പറേഷന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നില്ല. ആയതിനാൽ ടി വിഭാഗം ജീവനക്കാർക്ക്, രണ്ടാം ശനി അവധി ദിനത്തിൽ നിന്ന് ഒഴിവാക്കേണ്ടതില്ല.</td></tr>
<tr><td>(ബി)</td><td>ഈ വിഭാഗത്തിന് മാത്രം ഈ പൊതു അവധി നിലനിർത്തി നല്കുന്ന രീതിക്ക് അടുത്ത മാസം മുതൽ മാറ്റം വരുത്തുന്നതിന് തയ്യാറാകുമോ; വ്യക്തമാക്കുമോ;</td></tr>
<tr><td>(സി)</td><td>ഇല്ലെങ്കിൽ ഈ നടപടി ഏതൊക്കെ രീതിയിൽ സ്ഥാപനത്തിന് സാമ്പത്തിക മുതൽക്കൂട്ടാകുമെന്ന് കരുതുന്നുവെന്ന് വെളിപ്പെടുത്തുമോ;</td></tr>
</table>

| | | | |
|---|---|---|---|
| (ഡി) | മിനിസ്റ്റീരിയൽ വിഭാഗത്തിന് നൽകുന്ന പ്രസ്തുത പൊതു അവധി കണ്ടക്ടർ/ ഡ്രൈവർ വിഭാഗങ്ങൾക്കും കൂടി ബാധകമാക്കുമോ? | (ഡി) | മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് Negotiable Instrument Act പ്രകാരവും ടി വിഭാഗം ജീവനക്കാരുടെ ജോലിയുടെ സ്വഭാവം പരിഗണിച്ചുമാണ് അവധികൾ ക്രമീകരിക്കപ്പെട്ടിട്ടുള്ളത്.<br>കണ്ടക്ടർ / ഡ്രൈവർ വിഭാഗം ജീവനക്കാർക്ക് അവരവരുടെ ജോലികൾക്ക് അനുസൃതമായി കിലോമീറ്റർ അലവൻസ്, ഇൻസെന്റീവ് ബാറ്റാ, കളക്ഷൻ ബാറ്റാ, കിലോമീറ്റർ/ലിറ്റർ അലവൻസ്, ലേ ഓവർ അലവൻസ് മുതലായ വിവിധ ആനുകൂല്യങ്ങൾ നൽകിവരുന്നു. എന്നാൽ ഓഫീസുകളിൽ സേവനമനുഷ്ഠിക്കുന്ന മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് ഇത്തരം അലവൻസുകൾ നൽകുന്നില്ല.<br>സാമ്പത്തിക ഭദ്രത ഉറപ്പ് വരുത്തുന്നതോടൊപ്പം ജീവനക്കാർക്ക് നിയമപരമായി ലഭ്യമാകേണ്ട ആനുകൂല്യങ്ങൾ / അവധികൾ അനുവദിക്കുന്നതിന് കോർപ്പറേഷൻ ബാധ്യസ്ഥമാണ്. ആയതിനാൽ ചെയ്യുന്ന സേവനങ്ങൾക്ക് അനുസൃതമായ അവധികൾ, ആനുകൂല്യങ്ങൾ കണ്ടക്ടർ ഡ്രൈവർ വിഭാഗം ജീവനക്കാർക്ക് നല്കപ്പെടുന്നതിനാൽ രണ്ടാം ശനി അവധി ടി വിഭാഗം ജീവനക്കാർക്ക് അനുവദിക്കാൻ നിർവ്വാഹമില്ല. |

**സെക്ഷൻ ഓഫീസർ**